**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3164** **07-10-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങളും പി. എം. ജെ. വി. കെ. പദ്ധതികളുടെ വിശദാംശങ്ങളും ഭരണാനുമതി തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ അറിയിക്കാമോ? | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, എന്നിങ്ങനെ വ്യക്തിഗത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ന്യൂനപക്ഷ ജന വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇത്തരം പദ്ധതികളുടെ പ്രയോജനം അരുവിക്കര മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ വകുപ്പ് മുഖേന നടപ്പാക്കുന്ന ന്യൂനപക്ഷകേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികൾ എല്ലാം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെയും ഭരണാനുമതി തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>1.CWSS to Vithura and Tholicode Panchayaths - Improvements of water supply arrangements of various minority areas in the above panchayaths- replacement of frequently leaking/under sized AC/GI/PVC water lines-pipeline work.(38.8 lakh)<br><br>2.RWSS to Aruvikkara- Minority drinking water supply scheme- resolving drinking water shortage of Azhikkode area in Azhikkode Panchayath (39.41 lakh)<br><br>3.Infrastructure Spray Paintings and Computer Based Designing Courses in NPM Govt.ITI, |

| | | | |
|---|---|---|---|
| | | | Aryanad-Vellanad Block Thiruvanathapuram (120 lakh) |

സെക്ഷൻ ഓഫീസർ